U.P.S. പിക്ചേഴ്സ് അവതരിപ്പിക്കുന്ന

# യോഗമുള്ളവൾ



സംവിധാനം. ശങ്കർ

സംഗീതം. ശേഖർ

വിതരണം

മുംതാസ് ഫിലിംസ്

ANTONEWS

# നടീനടന്മാർ

| | | |
|---|---|---|
| K. P. ഉമ്മർ | .... | S. ശോഭ |
| T. S. മുത്തയ്യ | ... | വഞ്ചിയൂർ രാധ |
| G. K. പിള്ള | ... | മീന |
| പ്രേംനവാസ് | ... | സരോജ |
| ബഹദൂർ | ... | കദീജ |
| രാധാകൃഷ്ണൻ | | ബേബി |
| C. V. ശങ്കർ | ... | വിജ്‌യലക്ഷ്മി |
| മുതുകുളം | ... | വിജയലത |
| അബ്ബാസ് | | |
| രാമൻകുട്ടി | | |

ഗാനങ്ങൾ

**ശ്രീകുമാരൻതമ്പി**

സംഗീതം

**R. K. ശേഖർ**

ക്യാമറ

**ചന്ദ്രൻ**

എഡിറ്റിംഗ്

**ശങ്കുണ്ണി**

മേക്കപ്പ്

**R. ശങ്കർ**

സ്റ്റിൽ

**R. രാജൻ**

പബ്ലിസിറ്റി

**S. A. സലാം**

പ്രൊഡക്ഷൻ

**U. പാർവ്വതീഭായി**

കഥ—സംഭാഷണം—സംവിധാനം

**C. V. ശങ്കർ**

വിതരണം:

**മുംതാസ് ഫിലിംസ്**

# യോഗമുള്ളവൾ

## കഥാസാരം

നിത്യദാരിദ്ര്യത്തിലും സന്തോഷത്തോടെ കഴിഞ്ഞുവന്നിരുന്ന അന്തോണിയുടെയും മത്തായിയുടെയും കുടുംബങ്ങൾ പെട്ടെന്നു് ഒരു കൊടുങ്കാററിൽപെട്ടു ചുററുന്നു.

ദാരിദ്ര്യത്തിൽനിന്നും കരകയറുവാൻ സ്നേഹിതരായ അവർ ചുഴിഞ്ഞാലോചിച്ചു. അവസാനം ബുദ്ധിമാനായ മത്തായി ഒരു തീരുമാനത്തിലെത്തി. പാവപ്പെട്ടവന്റെ വിയർപ്പുകൊണ്ടു് മടിശ്ശീല വീർപ്പിച്ചു സുഖിക്കുന്ന ഒരു മുതലാളിയുടെ കീഴിലാണവർ ജോലി ചെയ്യുന്നതു്. മുതലാളിയെ കൊന്നാൽ, വമ്പിച്ച സ്വത്തിൽ കുറച്ചുഭാഗം കവർച്ച ചെയ്താൽ, ദാരിദ്ര്യത്തിൽപെട്ടുഴലുന്ന നമ്മുടെ കുടുംബങ്ങളെ രക്ഷിക്കാം എന്നു മത്തായി അന്തോണിയെ ഉപദേശിക്കുന്നു. ഈ തീരുമാനത്തിൽനിന്നും പിന്മാറാൻ തീരുമാനിക്കുന്ന അന്തോണിയെ മത്തായി നിർബ്ബന്ധിച്ചു് കൂട്ടിക്കൊണ്ടുപോകുന്നു. മുതലാളിയുടെ വീട്ടിൽ അവിചാരിതമായി പലതും സംഭവിക്കുന്നു. അന്തോണി ഇതെല്ലാം കണ്ടു പരിഭ്രമിച്ചു നില്ക്കുമ്പോൾ മത്തായി സ്ഥലം വിടുന്നു. തന്റെ കഷ്ടപ്പാടുകളും ദാരിദ്ര്യവും ദൈവത്തിൽ മാത്രം പറയുന്ന അന്തോണി വിധിയുടെ ക്രൂരതയിൽപ്പെട്ടു നട്ടംതിരിയുന്നു. ദുഃഖത്തിന്റെ ഒരഗ്നിപർവ്വതംതന്നെ ആ കുടുംബത്തിൽ പൊട്ടിത്തെറിക്കുന്നു. അന്തോണിയും രണ്ടു കുഞ്ഞുങ്ങളും അനാഥരെപോലെ കാട്ടിൽ ജീവിക്കുന്നു.

ദിവസങ്ങൾ ആഴ്ചകളായി, ആഴ്ചകൾ മാസങ്ങളായി, മാസങ്ങൾ വർഷങ്ങളായി. ആ കാട്ടിൽ പല വസന്തങ്ങളും കടന്നുപോയി. അന്തോണിയുടെ കുട്ടികൾ വളന്നു വലിയവരായി. വസന്തം അന്തോണിയുടെ മകളായ മേരിയിൽ പല വികൃതികളുംകാട്ടി. സാക്ഷാൽ മന്മഥദേവനെപ്പോലും വശീകരിക്കാൻ ഏറിയ സൗന്ദര്യത്തിനുടമയായ അവൾ ഒരു കാട്ടരുവിയെപ്പോലെ പൊട്ടിച്ചിരിച്ചു. ഒരു ചിത്രശലഭംപോലെ പാറിപ്പറന്നു. ഈ കാലമത്രയും അന്തോണിയ്ക്കു് കഷ്ടപ്പാടുകളുടെ ഒരു യുഗമായിരുന്നു.

യാദൃച്ഛികമെന്നോണം മത്തായിയുടെ ഒരേ ഒരു മകനായ ജോണും മേരിയും തമ്മിൽ കണ്ടുമുട്ടുന്നു. ലോകം എന്താണെന്നും അതിലുള്ള മനുഷ്യർ എങ്ങിനെയുള്ളവരാണെന്നും അറിഞ്ഞുകൂടാത്ത ആ പാവപ്പെട്ട പെൺകുട്ടിയുടെ ഹൃദയത്തിൽ ജോൺ ചില മനോവികാരങ്ങൾക്കു നിറംകൊടുക്കുന്നു. ഈ വികാരം ശാലീനസുന്ദരിയായ ആ പെൺകുട്ടിയിൽ നീലസാഗരത്തിലെ കുഞ്ഞോളങ്ങൾപോലെ നിറഞ്ഞുതുളുമ്പി നിന്നു. ഈ വിവരം അറിയുന്ന അന്തോണിയുടെ നില വളരെ പരിതാപകരമായിത്തീരുന്നു. തൻെറ ഓമന മകളെ ഏറ്റെടുക്കുവാൻ അന്തോണി ജോണിനോടു പറയുന്നു.

ഈ സമയം അന്തോണി ഇൻസ്പെക്ടരുമായി കണ്ടുമുട്ടുന്നു. അവിടെനിന്നും രക്ഷപ്പെട്ടു് കുട്ടികളെ കൂട്ടിക്കൊണ്ടു രക്ഷപെടുവാൻ ശ്രമിക്കുന്നു. പക്ഷെ ജോണിനെ തൻെറ മനസ്സിൽവച്ചു പൂജിക്കുന്ന മേരി അപ്പനോടു തൻെറ അപ്പോഴത്തെ വിഷമസ്ഥിതി വിവരിക്കുന്നു. അന്തോണി മകളെ കൂട്ടിക്കൊണ്ടു്, എങ്ങിനെയെങ്കിലും ജോണിനെ കണ്ടു് മകളെ ഏല്പിക്കുവാൻ പുറപ്പെടുന്നു.

“അന്തോണിക്കു തൻെറ മകളെ ജോണിനെ ഏൽപിക്കാൻ സാധിച്ചോ?”

"വീണ്ടും അന്തോണി മത്തായിയെ കണ്ടുമുട്ടിയോ?"

"അവൾ എങ്ങനെ യോഗമുള്ളവളായി?"

ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങൾക്ക് വെള്ളിത്തിര ഉത്തരം നൽകും.

കോഴിക്കോട്ട് ഒരു രാത്രിയിൽ നടന്ന ഒരു ഭയങ്കര സംഭവം സ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന ആമിന-ഉമ്മറിന്റെ ജീവിതം സ്നേഹിക്കാൻ അറിയുന്നവരും അറിയാത്തവരും കണ്ടിരിക്കേണ്ട ഒരു ചിത്രം.

## ഗാനം ഒന്നു്

രചന
ശ്രീകുമാരൻതമ്പി

പാടിയതു്
L. R. ഈശ്വരി

സംഗീതം R. K. ശേഖർ

കാട്ടുമുല്ലപ്പെണ്ണിനൊരു കഥ പറയാൻ മോഹം
പാട്ടുകാരൻ കാററിനതു കേട്ടുനിൽക്കാൻമോഹം.
പാട്ടുപാടി പാട്ടുപാടി ചേർന്നു നൃത്തമാടി
പവിഴമേട്ടു കണ്ടുനില്ക്കെ തമ്മിൽ സ്നേഹമായി

(കാട്ടുമുല്ല.......)

കാട്ടരുവിക്കരയിലൊരു കസ്തൂരിമാൻകുട്ടി
കസ്തൂരിമാൻ കുട്ടിയ്ക്കൊരു കൂട്ടുകാരൻകുട്ടി
കാടെവിടെ നാടെവിടെന്നറിയാതെ വന്നവർ
കടമ്പുമരത്തണലുകളിൽ താമസിച്ചുവന്നു.

(കാട്ടുമുല്ല......)

കസ്തൂരിമാൻ കുഞ്ഞിനുണ്ണാൻ കറുകയിത്തിരി തരുമോ.
കഴിഞ്ഞുകൂടാൻ വഴിയിലിത്തിരി കരിക്കാടി തരുമോ.
കള്ളനുണ്ടു്, കാടനുണ്ടു്, കടുവയുണ്ടു മുന്നിൽ
കഥ പറഞ്ഞു, പാട്ടുപാടി, കാടറിയുന്നെല്ലാം.

(കാട്ടുമുല്ല..... )

# ഗാനംരണ്ടു്

രചന
ശ്രീകുമാരൻതമ്പി

പാടിയതു്
S. P. ബാലസുബ്രഹ്മണ്യം :
S. ജാനകി

സംഗീതം R. K. ശേഖർ

പടർന്നു പടർന്നു കയറിപ്രേമം
പവിഴക്കൊടി പോലെ...
മനസ്സിൻ ചില്ലയിൽ...മന്ദാര ചില്ലയിൽ
വസന്തം ചുംബനമുദ്രകളേകിയ
മാണിക്യക്കൊടി പോലെ... (പടർന്നു...)

വിടർന്നുവിടർന്നു വിലസുകയായി
വികാരപുഷ്പങ്ങൾ
പറന്നു, പുണർന്നു പ്രതീക്ഷ തന്നുടെ
പരാഗശലഭങ്ങൾ ...മോഹന... (പടർന്നു...)

വളർന്നുവളർന്നു മൂടി ഹൃദയം
വാസര സ്വപ്നങ്ങൾ......
ഉണർന്നു ചൊരിഞ്ഞു നിൽപ്പൂ പുലരി
സിന്ദൂര കിരണങ്ങൾ...സുന്ദര... (പടർന്നു...)

നുകർന്നു നുകർന്നു നിർവൃതി നൽകിയ
നൂതന മധുഗാനം......
കവർന്നുകവർന്നു നീയെൻ പ്രണയം
പകർന്നു പുളകങ്ങൾ...പ്രണയം.... (പടർന്നു....)

# ഗാനം മൂന്ന്

രചന — ശ്രീകുമാരൻതമ്പി

പാടിയവർ — M. ബാലമുരളീകൃഷ്ണ

സംഗീതം — R. K. ശേഖർ

ഓമനത്താമര പൂത്തതാണോ
ഓമനേ നിൻമുഖബിംബമാണോ.
ചന്ദനച്ചന്ദ്രികച്ചോലയാണോ......
സുന്ദരീ നിൻ മന്ദഹാസമാണോ.
നീലമേഘാവലീനിരയഴിഞ്ഞോ?
നിന്റെ വാർകുന്തളം കെട്ടഴിഞ്ഞോ...?
നെറ്റിയിൽ കോലം വരച്ചതാണോ
ചിറ ളക്കങ്ങൾ നിരന്നതാണോ?

(ഓമന...)

നിൻകഥ പാടാത്ത കവികളുണ്ടോ
നിൻ ചിത്രമെഴുതാത്ത ഉലയുണ്ടോ?
നിൻരൂപമാവാത്ത ചൂഡരമ്യം
നീയനുരാഗത്തിൻ വിശാലഹർമ്മ്യം!

(ഓമന...)

# ഗാനം നാല്

രചന
ശ്രീകുമാരൻതമ്പി

പാടിയവർ
S. P. ബാലസുബ്രഹ്മണ്യം
S. ജാനകി

സംഗീതം R. K. ശേഖർ

നീലസാഗരതീരം...
നിന്റെ നീൾമിഴിയോരം...
ചൈത്രസന്ധ്യാകാശം...
ചാരുരത്നകപോലം.... (നീല...)


ജീവസാഗരഗീതം...
നിന്റെ മോഹസംഗീതം...
നിത്യനീലാകാശം....
ഞാൻ കടന്ന ഏദന്തം... (ജീവ...)

സാഗരത്തിൻ തിരകളിലലട്ടും
രാഗഹംസത്തോണി...രാഗ....
ചിന്തയിൽ തേനലകളുണർത്തും
ചിത്രമോഹത്തോണി....ചിത്ര... (ജീവ...)

ഓമനേനിൻ തളിരധരത്തിൽ
ദാഹയൗവ്വന മേളം...ദാഹം...
ഗാനപതങ്കം പാറും വനിയിലും
പ്രേമശൃംഗാരമേളം........പ്രേമ..

(ജീവ...)

ഉടൻ പ്രദർശനമാരംഭിക്കുന്നു!




വെങ്കിടേശ്വര പ്രൊഡക്ഷൻസ്

# ജീവനാംശം

(തമിഴ്)

താരങ്ങൾ: ജമിനി ഗണേശൻ, പത്മിനി, ഷൌക്കാർ
ജാനകി, സുന്ദരരാജൻ, നാഗേഷ്,
മനോരമ, ബേബി റാണി.

സംവിധാനം:
മല്ലിയം രാജഗോപാൽ

ക്യാമറ:
വിൻസെൻറ്

മുംതാസ് റിലീസ്

'ഷീന്ദ്ര' കൊച്ചിൻ-18. ഫോൺ: 33691